## ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ ആഫീസ്
## നടപടി ഉത്തരവ് , തിരുവനന്തപുരം-14

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- ഡ്രൈവർ തസ്തികയിലെ താൽക്കാലിക ജീവനക്കാരനായ ശ്രീ.എ).സുലൈമാൻ നടത്തിയ ആജ്ഞാലംഘനം -നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം- 1. സീനിയർ ഫിനാൻസ് ആഫീസറുടെ 15.6.2016-ലെ 3/എഫ്.ഒ/16/ഡി.ഐ.എം.എസ് നമ്പർ റിപ്പോർട്ട്.
2. 17.06.2016-ലെ ഡി3-13051/2016/ഡി.ഐ.എം.എസ് നമ്പർ കാരണം കാണക്കൽ നോട്ടീസ്.
3. 20.6.2016-ന് ശ്രീ.എ).സുലൈമാൻ സമർപ്പിച്ച വിശദീകരണം

**ഉത്തരവ് നം. ഡി3-13051/2016/ഡി.ഐ.എം.എസ് തീയതി 1.7.2016**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ ഔദ്യോഗിക വാഹനത്തിലെ ഡ്രൈവറായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിതനായ ശ്രീ.എ).സുലൈമാൻ-ന്റെ ഭാഗത്തുനിന്നും അച്ചടക്കരാഹിത്യവും ആജ്ഞാലംഘനവും നടപടി ദൂഷ്യവും ഉണ്ടായതായി കണ്ടെത്തിയിരിക്കുന്നു.

വകുപ്പ് മന്ത്രിക്ക് വിശദീകരണം നൽകുന്നതുമായി ബന്ധപ്പെട്ട ഒരു തപാൽ ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ തൊഴിലും നൈപുണ്യവും വകുപ്പിലെ ഡി-സെക്ഷനിൽ നിന്നും വാങ്ങി തുടർനടപടി സ്വീകരിക്കണമെന്നുള്ള ടെലിഫോൺ സന്ദേശത്തെ തുടർന്ന് ടി തപാൽ ശേഖരിക്കുന്നതിന് ജോയിന്റ് ഡയറക്ടറുടെ ഔദ്യോഗിക വാഹനത്തിൽ സെക്രട്ടറിയേറ്റിലേയ്ക്ക് പോകാനായി 25.5.2016-ൽ ജോയിന്റ് ഡയറക്ടറുടെ ഔദ്യോഗിക വാഹനത്തിലെ ഡ്രൈവറായ ശ്രീ.എ).സുലൈമാനോട് ആവശ്യപ്പെട്ട വേളയിൽ വാഹനത്തിൽ ഡീസൽ

കുറവാണെന്നും താൻ ഓടിക്കുന്ന വാഹനത്തിനും തനിയ്ക്കും സെക്രട്ടറിയേറ്റിൽ കയറാനുള്ള പാസ് നൽകിയിട്ടില്ലെന്നും ആയതിനാൽ പോകാനാവില്ലെന്നും ടിയാൾ അറിയിക്കുകയുണ്ടായി. വകുപ്പ്മേധാവി നൽകിയ നിർദ്ദേശത്തെ അവഗണിച്ച ഈ വിഷയത്തിന്മേൽ വകുപ്പിലെ സീനിയർ ഫിനാൻസ് ആഫീസർ ശ്രീ.എ.സുലൈമാനെ നേരിട്ട് വിസ്തരിക്കുകയും പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

കേവലം രണ്ട് കിലോമീറ്റർ മാത്രം ദൂരമുള്ള സെക്രട്ടറിയേറ്റിലേയ്ക്ക് തപാൽ ശേഖരിക്കുന്നതിനായി പോകുന്നതിനുള്ള ഡീസൽ ഉണ്ടായിരുന്നതായി പരിശോധനയിൽ കണ്ടെത്തിയതായി റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് വകുപ്പ് മേധാവി നൽകിയ നിർദ്ദേശം അവഗണിച്ചുകൊണ്ട് ഔദ്യോഗിക വാഹനത്തിൽ ഡീസൽ ഇല്ലാത്തതിനാൽ പോകാനാകില്ല എന്ന രീതിയിൽ ശ്രീ.എ.സുലൈമാൻ മറുപടി നൽകിയത് ഒട്ടും ശരിയല്ലാ എന്നും വാഹനപാസ് ഇല്ലെങ്കിൽ സെക്രട്ടറിയേറ്റിന് പുറത്ത് വാഹനം പാർക്ക് ചെയ്ത് വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് വകുപ്പ് മേധാവിയുടെ നിർദ്ദേശം പാലിക്കാമായിരുന്നുവെന്നും അപ്രകാരം ചെയ്യാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കപ്പെട്ട ടിയാൻ വകുപ്പ് മേധാവിയുടെ നിർദ്ദേശത്തോട് പ്രതികരിച്ച നടപടി ഗൗരവമർഹിക്കുന്നതാണെന്നും ശിക്ഷണനടപടി സ്വീകരിയ്ക്കാതിരിയ്ക്കാൻ കാരണമുണ്ടാങ്കിൽ 3 ദിവസത്തി-നുള്ളിൽ ബോധിപ്പിക്കാൻ ടിയാളോട് ആവശ്യപ്പെടേണ്ടതാണെന്നും ഫിനാൻസ് ആഫീസർ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. തുടർന്ന് ടിയാളുടെ സേവനം നീട്ടികൊണ്ടുപോകേണ്ടതുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നുവെന്നും ആയതിനാൽ ടിയാളുടെ ഈ വകുപ്പിലെ സേവനം അവസാനിപ്പിക്കാതിരിക്കുന്നതിനു തക്കകാരണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കാവുന്നതാണെന്നും അറിയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു.. ടി കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (3) പ്രകാരം ശ്രീ.എ.സുലൈമാൻ വിശദീകരണം സമർപ്പിക്കുകയും ചെയ്തിരുന്നു.

അടിയന്തിര പ്രാധാന്യമുള്ള ഒരു തപാൽ സെക്രട്ടറിയേറ്റി.ൽ നിന്നും എടുത്തുകൊണ്ട് വരുന്നതിനുള്ള വകുപ്പ് മേധാവിയുടെ നിർദ്ദേശം പാലിക്കാതിരുന്നത് സംബന്ധിച്ച് ശ്രീ.എ.സുലൈമാൻ വളരെ വിചിത്രമായ വാദഗതികളാണ് തന്റെ വിശദീകരണത്തിലൂടെ നിരത്തിയിരിക്കുന്നത്. വാഹനത്തിൽ ഡീസൽ തീർന്നിരുന്നുവെന്നും തനിക്കും തന്റെ വാഹനത്തിനും സെക്രട്ടറിയേറ്റിൽ കയറാനുള്ള പാസും ഐഡന്റ്റിറ്റി കാർഡും നൽകിയിട്ടില്ലായെന്നും, പാസില്ലാത്തതിനാൽ ഒറ്റയ്ക്ക് പോയി തപാലെടുക്കാനുള്ള നിർദ്ദേശം പാലിയ്ക്കാൻ കഴിയുമായിരുന്നില്ല എന്നും ,തപാലിന്റെ അടിയന്തിരപ്രാധാന്യം ഓഫീസ് അറ്റൻഡന്റോ സി.എ-യോ തന്നെ അറിയിച്ചിരുന്നില്ല എന്നുമാണ് ടിയാൾ വിശദീകരണം നല്കിയത്.

കേവലം രണ്ട് കിലോമിറ്റർ മാത്രം ദൂരമുള്ള സെക്രട്ടറിയേറ്റിൽ പോയിവരാനുള്ള ഡീസൽ വാഹനത്തിൽ ലഭ്യമല്ലായിരുന്നു എന്ന വിശദീകരണം വിശ്വസനിയമല്ല തപാലെടുക്കുന്നതിനായി ഡ്രൈവറോടൊപ്പം സ്ഥിരം ജീവനക്കാരാരെങ്കിലും പോകുമെന്നിരിക്കെ തനിക്ക് സെക്രട്ടറിയേറ്റിൽ കയറാൻ പാസില്ല, ഐഡന്റ്റിറ്റികാർഡില്ല എന്നൊക്കെയുള്ള ന്യായവാദങ്ങൾ അംഗീകരിയ്ക്കാൻകഴിയില്ല. ടിയാളോട് ഒറ്റയ്ക്ക്പോയി തപാലെടുക്കണമെന്ന് സി.എ ആവശ്യപ്പെട്ടിട്ടില്ല. സെക്രട്ടറിയേറ്റിൽ നിന്നും ദിവസേന തപാലെടുക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളപ്പോൾ അടിയന്തിരപ്രാധാന്യമുള്ള വിഷയത്തിൻമേൽ മാത്രമേ വകുപ്പുമേധാവി നിർദ്ദേശം നൽകാറുള്ളു. പ്രസ്തുത നിർദ്ദേശം പാലിയ്ക്കാൻ ഓഫീസ് അറ്റൻഡന്റോ, സി.എ-യോ ടിയാളോട് അടിയന്തിരപ്രാധാന്യം അറിയിക്കേണ്ടതില്ല.

ശ്രീ.എ.സുലൈമാൻ സമർപ്പിച്ചിരിക്കുന്ന വിശദീകരണം ഒട്ടും തന്നെ തൃപ്തികരമല്ലെന്ന് മാത്രമല്ല ടിയാളുടെ ധിക്കാരപരവും നിഷേധാത്മകവുമായ നിലപാട് വെളിപ്പെടുത്തുന്നതുമാണ്. സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്ന പ്രവൃത്തിയാണ് ടിയാളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്

എന്നാൽ താൽക്കാലിക ജീവനക്കാരനായ തനിക്ക് ഇപ്പോൾ കിട്ടുന്ന വരുമാനം കൊണ്ടാണ് താനും തന്റെ കുടുബവും കഴിഞ്ഞു പോകുന്നതെന്നും ജോലിയിൽ നിന്നും പിരിച്ചുവിട്ടാൽ തന്റെ കുടുംബം തകരുമെന്നും തന്റെ ഭാഗത്ത് തെറ്റുണ്ടായിട്ടുണ്ടെങ്കിൽ മാപ്പ് നൽകി ശിക്ഷണനടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമുള്ള ശ്രീ.എ.സുലൈമാൻ-ന്റെ അഭ്യർത്ഥന കണക്കിലെടുത്ത് ടിയാളെ ആശ്രയിച്ചുകഴിയുന്ന കുടുംബത്തെ കരുതി മേലിൽ ഇത്തരം പ്രവർത്തികൾ ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായാൽ മറ്റൊരറിയിപ്പു കൂടാതെ സേവനം അവസാനിപ്പിച്ച് പിരിച്ചുവിടുന്നതാണെന്ന കർശന താക്കീത് നൽകി ടിയാൾക്കെതിരെയുള്ള നടപടി അവസാനിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഡോ.എം.ബീനത്ത്

ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്.

സ്വീകർത്താവ്

ശ്രീ.എ.സുലൈമാൻ

ഡ്രൈവർ (പ്രൊവിഷണൽ)

(ജോയിന്റ് ഡയറക്ടർ മുഖാന്തിരം)

പകർപ്പ്- 1. ഫിനാൻസ് ആഫീസർ

2. ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്.

3. സി.എ റ്റു ഡി.ഐ.എം.എസ്

4 ഇ 2-സെക്ഷൻ (5) ഫയൽ/സ്റ്റോക്ക് ഫയൽ.